⇨ *അഗസ്റ്റിൻ റോഡോണിന്റെ 'ചിന്തകൻ' എന്ന പ്രതിമ ചിന്തയ്ക്ക് ഒരു ഉദാഹരണമായി പറയാറുണ്ട്* ⇨

# ദേശീയതയും ഇടതുചിന്തയും

ഓരോ വ്യവസ്ഥയും നിലനിൽക്കുന്നത് അതിന്റെ ഉള്ളിൽത്തന്നെയുള്ള ആഭ്യന്തര വൈരുദ്ധ്യങ്ങളുടെ മുകളിലാണ്. ഇടതുചിന്തയുടെ പ്രധാനസ്വഭാവം ഈ വൈരുദ്ധ്യങ്ങളെ കണ്ടെത്തുക എന്നതാണ്. ദേശരാഷ്ട്രത്തെ സംബന്ധിച്ച് നോക്കുകയാണെങ്കിൽ ദേശരാഷ്ട്രം നിലനിൽക്കുന്നത് ഏതെല്ലാം പൊരുത്തക്കേടുകൾക്ക് മുകളിലാണ് എന്ന് കണ്ടെത്തുകയാണ് ഇടതുചിന്തയുടെ രീതി.

**ഡോ. ടി.വി. മധു**

2017 മാർച്ച് 6,7,8 തീയതികളിൽ തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ വച്ച് സെക്യുലർ ഫോറം സംഘടിപ്പിച്ച 'ദേശീയതയുടെ പുനർവിഭാവനം' എന്ന പ്രഭാഷണ പരമ്പരയിൽ സംസാരിച്ചത്. **മൂന്നാം ഭാഗം.**

**ദേശത്തെക്കുറിച്ച്** മുൻ പ്രഭാഷണങ്ങളിൽ പങ്കുവച്ച കാഴ്ചപ്പാടുകളിൽ നിന്നുകൊണ്ട്, ഇതിനെയെല്ലാം അഭിമുഖീകരിക്കുന്നതിൽ ഇടതുചിന്തയ്ക്കുണ്ടാകുന്ന പ്രതിസന്ധികൾ എന്തെല്ലാമാണെന്നാണ് ഇവിടെ പരിശോധിക്കുന്നത്. അതിന് ആമുഖമായി പറയാനുള്ളത് ഇടതുചിന്തയെക്കുറിച്ചാണ്. ഇടതുപക്ഷ രാഷ്ട്രീയ പ്രയോഗങ്ങളെക്കുറിച്ചുള്ള വിലയിരുത്തലോ വിശകലനമോ അല്ല നടത്തുന്നത്. ഞാൻ പറയാൻ പോകുന്നത് ഇടതുചിന്തയെക്കുറിച്ചാണ് പ്രയോഗത്തെക്കുറിച്ചല്ല എന്ന് പറയുമ്പോൾ സ്വാഭാവികമായും ഉണ്ടാകുന്ന ഒരു ചോദ്യമുണ്ട്. പ്രയോഗത്തിൽ നിന്നും മാറ്റിനിർത്തി ചിന്തയെ കാണുന്നത് ശരിയാണോ എന്ന ചോദ്യം. വളരെ ന്യായമായ ഒരു ചോദ്യമാണത്. ഇടതുപക്ഷ വ്യവഹാരത്തിൽ ചിന്തയും പ്രയോഗവും രണ്ടായി നിൽക്കുന്നില്ല എന്നതുകൊണ്ടാണ് അങ്ങനെ പറയുന്നത്. ചിന്തയെ പ്രയോഗത്തിൽ നിന്നും വേർപെടുത്താൻ കഴിയില്ല എന്നുമാത്രമല്ല, ചിന്ത തന്നെ വളരെ മൂർത്തമായ ഭൗതിക പ്രയോഗമാണ് എന്നു കരുതുന്നയാളാണ് ഞാൻ. ചിന്ത ശരീരനിഷ്ഠമായ ഒരു ഭൗതിക പ്രയോഗം തന്നെയാണ്. ഒരാൾ എന്തെങ്കിലും കാര്യത്തെക്കുറിച്ച് ഉൾവലിഞ്ഞു നിന്നുകൊണ്ട്, ധ്യാനാത്മകമായി ആലോചിക്കുന്ന ചിത്രമാണ് ചിന്തയെപ്പറ്റിയുള്ള വളരെ സാധാരണമായ ഇമേജ്. അഗസ്റ്റിൻ റോഡോണിന്റെ 'ചിന്തകൻ' എന്ന പ്രതിമ ചിന്തയ്ക്ക് ഒരു ഉദാഹരണമായി പറയാറുണ്ട്. പേശീബലമുള്ള ഒരു പുരുഷൻ താടിക്ക് കൈകൊടുത്ത് നിശബ്ദനായി ഇരിക്കുന്ന പ്രതിമ. ചിന്തയെക്കുറിച്ചുള്ള ഒരു രൂപകം ഈ ശില്പത്തിലുണ്ട്. ആ ശില്പത്തിന്റെ കണ്ണ് അടഞ്ഞാണിരിക്കുന്നത് എന്നതാണ് അതിന്റെ പ്രത്യേകത. ഇന്ദ്രിയങ്ങളെ മുഴുവൻ പിന്മടക്കിക്കൊണ്ട് ഉള്ളിൽ നടക്കുന്ന വ്യവഹാരമാണ് ചിന്ത എന്നാണ് അത് പറയുന്നത്. ധ്യാനാത്മകമായി നടക്കുന്നതാണ് ചിന്ത എന്ന ഈ ഇമേജിനെ അടിസ്ഥാനപരമായി ചോദ്യം ചെയ്തത് ഇടതു വ്യവഹാരമാണ്. ചിന്തയ്ക്ക് ഇന്ദ്രിയങ്ങൾ നൽകിയ വ്യവഹാരമാണ് ഇടതുചിന്ത. ധ്യാനാത്മകമായി ചെയ്യേണ്ടതാണ് ചിന്ത എന്നതിനെ പണിയെടുത്തുകൊണ്ട് ചെയ്യേണ്ട ഒന്നാക്കി മാറ്റിയത് ഇടതുപക്ഷമാണ്. മാർക്സ് തന്നെ പറഞ്ഞിട്ടുള്ളത് ചരിത്രം തലകൊണ്ടല്ല സഞ്ചരിക്കുന്നത് എന്നാണ്. കാലും തലയും തമ്മിൽ ഉണ്ടെന്ന് നമ്മൾ കരുതുന്ന ദ്വന്ദ്വത്തെ നിർവീര്യമാക്കിയ ചിന്താപരമായ ഇടപെടലാണ് ഇടതുചിന്ത. മാർക്സ് തന്നെയാണ് അത് തുടങ്ങിവച്ചത്. മാർക്സിന്റെ ചിന്തകൾ മുഴുവൻ നിരന്തരമായ ഇടപെടലുകളുടെ ഭാഗമാണ്. ഇംഗ്ലണ്ടിലെ ലൈബ്രേറിയിൽ ഒരുപാട് സമയം ചിലവഴിച്ചതിനൊപ്പം വർക്കേഴ്സ് മൂ

വ്മെന്റുകളിലും അദ്ദേഹം അക്കാലത്ത് സജീവമായി ഇടപെട്ടിരുന്നു.

മാർക്സിന്റെ ചിന്തയുടെ ഉത്കണ്ഠ എന്തായിരുന്നു എന്ന് പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നത് അത് പണിയെടുക്കുന്ന മനുഷ്യരെക്കുറിച്ചായിരുന്നു എന്നതാണ്. പണിയെടുക്കുന്ന ശരീരങ്ങളിൽ നിന്ന്, അതിന്റെ വിയർപ്പിൽ നിന്ന് ഊറിക്കൂടിയുണ്ടായ മൂല്യങ്ങളിൽ നിന്ന് എങ്ങനെയാണ് വ്യവസ്ഥകളെല്ലാം ഉണ്ടായത് എന്ന ചോദ്യമാണ് ആ ചിന്തയിലുണ്ടായിരുന്നത്. ശരീരങ്ങളുടെ മുകളിൽ, ശരീരങ്ങൾക്ക് തന്നെ ദുസ്സഹമാകുന്ന തരത്തിൽ വ്യവസ്ഥകൾ എങ്ങനെയാണ് കെട്ടിപ്പടുത്തത്, നിലനിന്നുപോരുന്നത് എന്ന ചിന്തയാണ് ഇടതുചിന്തയുടെ രീതി. വ്യവസ്ഥ എന്തുതന്നെയാകട്ടെ—കമ്പോളം, മൂലധനവ്യവസ്ഥ, കുടുംബം, ദേശരാഷ്ട്രം—തുടങ്ങിയ സ്ഥാപനങ്ങളെല്ലാം നിർമ്മിക്കപ്പെട്ടിട്ടുള്ളതിലെ ഉപാധികൾ എന്തെല്ലാമാണ്? ഏതുതരം ബന്ധങ്ങളുടെ മുകളിലാണ് ഇത് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്? തുടങ്ങിയ ഉത്കണ്ഠകളിൽ നിന്നാണ് ഇടതുചിന്ത തുടങ്ങുന്നത്. വിവിധ ധാരകളുള്ള ഒന്നായി ഇടതുചിന്തയെ കാണാൻ കഴിയുമെങ്കിലും അതിന്റെ പ്രധാനലക്ഷണം ഇതുതന്നെയായിരിക്കും. നിലനിൽക്കുന്നതെല്ലാം പലതരത്തിലുള്ള പൊരുത്തക്കേടുകളുടെ, അസംബന്ധങ്ങളുടെ മുകളിലാണ് നിൽക്കുന്നത് എന്ന ചിന്തയാണ് ഇടതുചിന്തയുടെ അടിസ്ഥാനം. മാർക്സ് വൈരുദ്ധ്യം എന്ന് വിളിക്കുന്നത് ഈ പൊരുത്തക്കേടുകളെയാണ്. ഓരോ വ്യവസ്ഥയും നിലനിൽക്കുന്നത് അതിന്റെ ഉള്ളിൽത്തന്നെയുള്ള ആഭ്യന്തര വൈരുദ്ധ്യങ്ങളുടെ മുകളിലാണ്. ഇടതുചിന്തയുടെ പ്രധാനസ്വഭാവം ഈ വൈരുദ്ധ്യങ്ങളെ കണ്ടെത്തുക എന്നതാണ്. ദേശരാഷ്ട്രത്തെ സംബന്ധിച്ച് നോക്കുകയാണെങ്കിൽ ദേശരാഷ്ട്രം നിലനിൽക്കുന്നത് ഏതെല്ലാം പൊരുത്തക്കേടുകൾക്ക് മുകളിലാണ് എന്ന് കണ്ടെത്തുകയാണ് ഇടതുചിന്തയുടെ രീതി.

നിലനിൽക്കുന്ന വ്യവസ്ഥയ്ക്കുള്ളിലെ പൊരുത്തക്കേടുകൾ കണ്ടെത്താനുള്ള അന്വേഷണത്തെ റാഡിക്കലായ അന്വേഷണം എന്ന് പറയാം. റാഡോ എന്ന വാക്കിൽ നിന്നാണ് റാഡിക്കൽ എന്ന വാക്കുണ്ടാകുന്നത്. വേരുകളിലേക്ക് പോവുക എന്നാണ് അതിന്റെ അർത്ഥം. ആഴത്തിലേക്കുള്ള നോട്ടം തന്നെ വ്യവസ്ഥയുടെ ഉള്ളിലുള്ള പൊരുത്തക്കേടുകളിലേക്കുള്ള നോട്ടമാണ്. ഇടതുചിന്ത എന്ന് വിശേഷിപ്പിക്കുന്ന പാരമ്പര്യത്തിന്റെ അടിസ്ഥാന സ്വഭാവമായി ഞാൻ ചൂണ്ടിക്കാണിക്കുന്നത് റാഡിക്കലായ ഈ സ്വഭാവമാണ്. “ഇതാണ് സത്യം, ഇവിടെ മുട്ടുകുത്തുക എന്നല്ല പറയുന്നതെങ്കിൽ പിന്നെ എന്താണ് ചെയ്യേണ്ടത് എന്നത് വ്യക്തമാണ്, നിലനിൽക്കുന്ന എല്ലാത്തിനെയും പ്രത്യാഘാതങ്ങളെ ഭയപ്പെടാതെ നിർദാക്ഷിണ്യം വിമർശിക്കുക” എന്നതാണല്ലോ മാർക്സിന്റെ പ്രധാനവാചകം. ഇതാണ് റാഡിക്കലായ ചിന്തയുടെ സ്വഭാവം. അതുകൊണ്ടാണ് നിലനിൽക്കുന്ന എല്ലാത്തിനെയും വിമർശിക്കുക എന്ന് മാർക്സ് പറഞ്ഞത്. നിലനിൽക്കുന്നതിന് എന്താണ് കുഴപ്പം? ഒരു ഗതിയെ തടഞ്ഞുകൊണ്ടാവും അത് സ്ഥിതി ചെയ്യുന്നത് എന്നതാണ് കുഴപ്പം. ദേശരാഷ്ട്രം, കുടുംബം, മുതലാളിത്തം തുടങ്ങിയ വ്യവസ്ഥകളെല്ലാം നിലനിൽക്കുന്നത് അതിന്റെ ആന്തരികമായ വൈരുദ്ധ്യങ്ങളെ മൂടിവച്ചുകൊണ്ടാണ്. ആ വൈരുദ്ധ്യങ്ങൾ കണ്ടെത്തുക, അതിലേക്ക് പോവുക എന്നതാണ് റാഡിക്കൽ ആയ ചിന്തയുടെ ലക്ഷണം. ഇടതുചിന്തയെ നിർവചിക്കുന്നതിനല്ല, അതിന്റെ സ്വഭാവത്തെ മനസ്സിലാക്കുന്നതിന് വേണ്ടിയാണ് ഞാൻ ഇത് പറഞ്ഞത്. വ്യവസ്ഥയെ തകർക്കുന്നതിനെയാണ് വിപ്ലവം എന്ന് പറയുന്നത്. റാഡിക്കൽ ആയ എല്ലാ ചിന്തകൾക്കും റവല്യൂഷണറിയായ സ്വഭാവം ഉണ്ട് എന്ന് മാർക്സ് പറയുന്നത് അതുകൊണ്ടാണ്. റവല്യൂഷൻ എന്നതും ഇടതുചിന്തയുടെ പ്രധാനലക്ഷണമാണ്. വ്യവസ്ഥയുടെ ഉള്ളിലെ പൊരുത്തക്കേടുകളെ കണ്ടെത്തുന്നതിലൂടെ വ്യവസ്ഥ തന്നെ മാറുകയാണ്. മാറ്റാൻ കഴിയാത്തതായി ഒന്നുമില്ല എന്നതാണ് ആഴങ്ങളിലേക്ക് പോകുമ്പോൾ കാണാൻ കഴിയുന്നത്.

റാഡിക്കൽ ആയ ചിന്ത ആദ്യം പിടികൂടേണ്ടത് നിലനിൽക്കുന്നതിന്റെ fetishistic ആയ സ്വഭാവത്തെയാണ്. ക്യാപിറ്റലിന്റെ ഒന്നാമത്തെ വാല്യത്തിലെ ആദ്യ അദ്ധ്യായം ‘ഫെറ്റിഷിസം ഓഫ് കമ്മോഡിറ്റീസ്’ ആണ്. ഒരു വസ്തുവിൽ ആരോപിതമായ മൂല്യത്തെ അതിന്റെ സ്വതസിദ്ധമായ മൂല്യമായി അംഗീകരിക്കുകയും ആരാധനാപൂർവ്വം നോക്കുകയും ചെയ്യുന്നതിനെയാണ് fetishistic എന്ന് പറയുന്നത്. ഒരു കല്ലിൽ ആരോപിക്കുന്ന ദിവ്യത്വം സ്വാഭാവികമായി ഉള്ളതാണെന്ന് കരുതി കൈകൂപ്പുന്നത് fetishistic ആയ രീതിയാണ്. സ്ഥായിയായി നിലനിൽക്കുന്ന വ്യവസ്ഥയ്ക്കുള്ളിൽ fetishism അടങ്ങയിട്ടുണ്ട്. ദേശത്തെപ്പറ്റി പറയുമ്പോൾ, ദേശം എന്നത് ചരിത്രത്തിൽ പല വഴികളിലൂടെ രൂപപ്പെട്ടുവന്ന ആശയമാണെങ്കിലും സ്വതസിദ്ധമായ ഒരു മൂല്യത്തോടെ ദേശം അവിടെ നിലനിൽക്കുന്നുണ്ട് എന്ന് കരുതുന്നത് ഫെറ്റിഷിസ്റ്റിക് ആയ സമീപനമാണ്. ഇടതുചിന്ത ഈ ഫെറ്റിഷിസ

ത്തെ നേരിടുകയാണ് ചെയ്യുന്നത്. ദേശത്തെക്കുറിച്ച് മാത്രമല്ല, എല്ലാത്തിലും. ഇടതുചിന്തയുടെ വഴികളിലുടനീളം നോക്കിയാൽ ഫെറ്റിഷിസ്റ്റിക് ആയ അടിസ്ഥാനങ്ങളെ അത് ചോദ്യം ചെയ്യുന്നത് കാണാം. വസ്തുക്കളുടെ നൽകപ്പെട്ട അവസ്ഥയെ മുറിച്ചുകടക്കുന്ന രീതി ഇടതുചിന്ത എന്ന് വിശേഷിപ്പിക്കുന്ന ചിന്താരീതികളുടെ പ്രത്യേകതയാണ്. മാർക്സ് പണത്തെ നോക്കിയത് ഒരു കടലാസിന്റെ മുകളിൽ ആരോപിക്കപ്പെട്ട മൂല്യം അതിന്റെ സ്വതസിദ്ധമായ മൂല്യമായി കരുതി ബഹുമാനിക്കുന്നതിന്റെ പ്രശ്നത്തെയാണ്. ഒരു പ്രഖ്യാപനത്തിലൂടെ അസാധുവാകുന്ന മൂല്യമാണ് പണത്തിന്റെ മൂല്യമെന്ന് നമുക്ക് അനുഭവമുണ്ടല്ലോ. പണത്തിന് ആ മൂല്യം എങ്ങനെ വന്നു എന്നതായിരുന്നു മാർക്സ് നോക്കിയത്. മാർക്സ് അന്വേഷിച്ചു കണ്ടെത്തിയ ഉത്തരങ്ങളേക്കാൾ പ്രധാനം ആ ചോദ്യമായിരുന്നു. ഒരു alien ന്റെ നോട്ടമാണ് ഇടതുചിന്തയുടെ നോട്ടം. ഊറിക്കൂടി ഉറഞ്ഞുപോയതെല്ലാം ഉരുകിപ്പോകുന്ന നോട്ടം. ആഡം സ്മിത്തിന്റെ പൊളിറ്റിക്കൽ എക്കോണമിയെക്കുറിച്ചുള്ള മാർക്സിന്റെ വിമർശനത്തിൽ ഇത് കാണാം. ആധുനിക വ്യക്തിയുടെ പ്രാകൃത സമൂഹം സങ്കൽപ്പിച്ച്, ആ അസംബന്ധ ഭാവനയുടെ മുകളിലാണ് പൊളിറ്റൽ ഇക്കോണമി മുഴുവൻ നിൽക്കുന്നത് എന്നാണ് മാർക്സ് പറഞ്ഞത്. വ്യക്തികൾ തമ്മിലുള്ള ഇടപെടലിന്റെ മേഖലയായാണ് അത് കമ്പോളത്തെ കണ്ടിരുന്നത്. വ്യക്തികൾ തമ്മിൽ ഇടപെടുക എന്ന് പറയുമ്പോൾ വ്യക്തികളെ അവിടെ മുൻകൂറായി കാണുന്നുണ്ട്. എന്നാൽ വ്യക്തി മുൻകൂറായി നിൽക്കുകയും ഈ ഇടപാടുകളിലേക്ക് പോവുകയുമല്ല ചെയ്യുന്നത്; ഇടപാടുകളിലൂടെ ഉണ്ടായിവരുന്നതാണ് വ്യക്തി.

മാർക്സ് മനുഷ്യരെയല്ല, ക്രിയകളെയാണ് കണ്ടിരുന്നത്. മനുഷ്യൻ എന്നത് ക്രിയാപദമായാണ് മാർക്സ് കണ്ടത്. പ്രാകൃതമായ മനുഷ്യസത്ത എന്ന ഒന്നില്ലെന്നും, സാമൂഹിക ബന്ധങ്ങളുടെ ഒരു മിശ്രണം മാത്രമാണതെന്നുമാണ് മാർക്സ് കണ്ടിരുന്നത്. Ensemble of social relation എന്നാണ് മാർക്സ് അതിനെക്കുറിച്ച് പറഞ്ഞത്. ഈ ബന്ധങ്ങൾ അഴിച്ചെടുത്താൽ ഒന്നും കാണാൻ കഴിയില്ല. ദേശത്തെക്കുറിച്ചുള്ള മാർക്സിന്റെ പരാമർശങ്ങളിലും ഇത് കാണാൻ കഴിയും. മാനിഫെസ്റ്റോയിൽ തന്നെ പറഞ്ഞിരിക്കുന്നത് പണിയെടുക്കുന്നവർക്ക് ദേശമില്ല എന്നാണ്. അവർ പണിയെടുക്കുന്ന ഭൂമിയിൽ ഉണ്ടാക്കിയിട്ടുള്ള അതിർത്തികൾ അവർക്ക് ബാധകമല്ല. ഇടതുചിന്തയുടെ ഭാഷ ഉപയോഗിച്ച് പറഞ്ഞാൽ വർഗ്ഗസമരത്തിന്റെ പ്രത്യേക ഘട്ടത്തിൽ രൂപപ്പെടുന്ന, ചില വർഗ്ഗതാത്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയുള്ള ഇൻസ്ട്രമെന്റാണ് രാഷ്ട്രം. ഒരു പ്രത്യേകകാലം കഴിഞ്ഞാൽ അത് കൊഴിഞ്ഞുപോകും. ഈ പശ്ചാത്തലത്തിലാണ് ഇടതുചിന്തയുടെ ദേശസങ്കൽപ്പ വിമർശനത്തെ കാണേണ്ടത്. എന്നാൽ ദേശീയതയെക്കുറിച്ചുള്ള ചിന്തയുടെ പാരമ്പര്യത്തെ അതിജീവിക്കാൻ മടിക്കുന്ന, വിസമ്മതിക്കുന്ന ഇടതുപ്രസ്ഥാനങ്ങളും പ്രയോഗങ്ങളുമാണ് ഇന്ന് നമുക്ക് മുന്നിലുള്ളത്. സാർവ്വദേശീയത എന്ന ആശയം ആദ്യമായി മുന്നോട്ടുവയ്ക്കുന്നത് ഇടതുചിന്തയാണ്. വർക്കേഴ്സ് ഇന്റർനാഷണൽ എന്ന ആശയം തന്നെ ദേശം എന്നത് പണിയെടുക്കുന്നവരുടെ പ്രശ്നമല്ല എന്നും അവരുടെ പ്രശ്നങ്ങൾ എപ്പോഴും ദേശത്തിന്റെ അതിർത്തികൾക്ക് കുറുകെ സഞ്ചരിക്കുന്ന ഒന്നാണെന്നുമാണ്. ദേശീയമല്ല, അന്തർദേശീയമാണ് ഇടതു ഭാവനയുടെ പരിസരം. ആ ഭാവന ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ് ഇന്ന് ഇടതുപ്രസ്ഥാനങ്ങളുള്ളത്.

> സാർവ്വദേശീയത എന്ന ആശയം ആദ്യമായി മുന്നോട്ടു വയ്ക്കുന്നത് ഇടതുചിന്തയാണ്. വർക്കേഴ്സ് ഇന്റർനാഷണൽ എന്ന ആശയം തന്നെ ദേശം എന്നത് പണിയെടുക്കുന്ന വരുടെ പ്രശ്നമല്ല എന്നും അവരുടെ പ്രശ്നങ്ങൾ എപ്പോഴും ദേശത്തിന്റെ അതിർത്തികൾക്ക് കുറുകെ സഞ്ചരിക്കുന്ന ഒന്നാണെന്നുമാണ്. ദേശീയമല്ല, അന്തർദേശീയമാണ് ഇടതു ഭാവനയുടെ പരിസരം. ആ ഭാവന ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ് ഇന്ന് ഇടതുപ്രസ്ഥാനങ്ങളുള്ളത്.

നാഷണൽ ഐഡന്റിറ്റി എന്നതുതന്നെ ഫെറ്റിഷിസ്റ്റിക് ആണോ എന്ന് നോക്കേണ്ടതുണ്ട്. ഞാൻ ഇന്ത്യാക്കാരനാണ് എന്ന് പറയുന്നത് സംബോധനയിലൂടെ ഉണ്ടായിവന്ന ഒന്നാണെന്ന് മുമ്പ് പറഞ്ഞല്ലോ. സംബോധനയിലൂടെ ഉണ്ടായി വന്ന ഒന്നിനെ സ്വാഭാവികമായി ഉള്ള ഒന്നായി കരുതുന്നത് ഫെറ്റിഷിസ്റ്റിക് ആണ്. ഐഡന്റിറ്റിക്ക് ഫെറ്റിഷിസ്റ്റിക് ആയ സ്വഭാവമുണ്ട്. ഹിന്ദു എന്ന സംബോധനയോട് പ്രതികരിച്ചതിലൂടെ ഹിന്ദുവായി മാറുന്നയാൾ അതിനെ ഒരു നാചറൽ ഐഡന്റിറ്റിയായി കാണുന്നത് ഫെറ്റിഷിസ്റ്റിക് ആണ്. അവിടെ


യും ഇടതു ചിന്തയുടെ സാധ്യത ആ ഫെറ്റിഷിസത്തെ ചോദ്യം ചെയ്യുക എന്നതാണ്.

ഐഡന്റിറ്റിയെ കുറിച്ച് പോസ്റ്റ് മാർക്സിസ്റ്റുകൾ നിരവധി ചിന്തകൾ അവതരിപ്പിച്ചിട്ടുണ്ട്. കാൾ സ്മിത്ത് (Carl Schmitt) എന്ന ജർമ്മൻ ചിന്തകനെയാണ് അവരെല്ലാം അടിസ്ഥാനമാക്കിയിട്ടുള്ളത്. അദ്ദേഹം പറയുന്ന ഒരു കാര്യം, നിങ്ങളുടെ ശത്രു ആരാണെന്ന് പറഞ്ഞാൽ നിങ്ങൾ ആരാണെന്ന് ഞാൻ പറയാം എന്നതാണ്. ഇത് ഐഡന്റിറ്റിയെക്കുറിച്ച്, പ്രത്യേകിച്ച് നാഷണൽ ഐഡന്റിറ്റിയെക്കുറിച്ചുള്ള പഠനങ്ങളിൽ ഒരു പ്രധാന ആശയമായി കടന്നുവന്നിട്ടുണ്ട്. നിങ്ങൾ ആരാണെന്ന് നിശ്ചയിക്കുന്നത് നിങ്ങളുടെ എതിരാളിയാണ്. നിങ്ങളുടെ എതിരാളി പാകിസ്ഥാൻകാരനാണെങ്കിൽ നിങ്ങൾ ഇന്ത്യാക്കാരനാണ്. നിങ്ങളുടെ സ്വത്വം (self identity) സ്വാഭാവികമായി ഉള്ളതല്ല, അപ്പുറത്ത് ആരാണുള്ളത് എന്ന് നോക്കിയാണ് അത് നിശ്ചയിക്കപ്പെടുന്നത്. സ്മിത്തിന്റെ പ്രയോഗത്തിൽ നിന്നും മാറിനിന്നുകൊണ്ട് പലരും ഉപയോഗിക്കുന്ന ഒരു വാക്കാണ് അപരം അല്ലെങ്കിൽ അദർ എന്നത്. അദർ ആണ് ഐഡന്റിറ്റിയെ ഉണ്ടാക്കുന്നത്. ഞാനും ഏനും തമ്മിലുള്ള താദാത്മ്യം സ്വത്വനിർമ്മിതിയിൽ നടക്കുന്ന കാര്യം കഴിഞ്ഞ ദിവസം പറഞ്ഞല്ലോ. സംബോധനയിലൂടെയാണ് ഈ താദാത്മ്യപ്പെടൽ നടക്കുന്നതെന്നും പറഞ്ഞു. വിളിയുടെ ഉന്നമായി തിരിച്ചറിയുമ്പോഴാണ് സ്വത്വരൂപീകരണം നടക്കുന്നത്. വിളിയിൽ എപ്പോഴും ഒരു ഒഴിവാക്കലുണ്ട്. പുരുഷൻ എന്ന് വിളിക്കുമ്പോൾ സ്ത്രീ അല്ല എന്നാണ് പറയുന്നത്. ഒഴിവാക്കപ്പെട്ട ഒരു അദർ അവിടെയുണ്ട്. ഈ അദർ ഇല്ലെങ്കിൽ വിളിയിൽ അർത്ഥമില്ല. ഭൂമി മലയാളം എന്നൊരു സങ്കൽപ്പം പണ്ടുണ്ടായിരുന്നു. വേറെ ലോകമുള്ളതായി അന്ന് കരുതിയിരുന്നില്ല. ലോകം മുഴുവൻ മലയാളിയാണെങ്കിൽ പിന്നെ മലയാളിയില്ലല്ലോ. മലയാളി എന്ന് വിളിക്കണമെങ്കിൽ മലയാളി അല്ലാത്ത കുറേപ്പേർ ഒഴിവാക്കപ്പെടണമല്ലോ.

ഞാനും ഏനും തമ്മിലുള്ള താദാത്മ്യം അസംബന്ധമാണ്. ഞാൻ present ൽ നിൽക്കുമ്പോൾ ഏൻ past ന്റെ കാര്യമാണ്. ഞാനും ഏനും തമ്മിൽ ഇത്തരത്തിൽ കാലികമായ ഒരു വിടവുണ്ട്. ഞാൻ ഇന്ത്യാക്കാരനാണ് എന്ന് തീരുമാനിക്കുമ്പോൾ ഈ വിടവിനെ മൂടിവയ്ക്കുകയാണ് ചെയ്യുന്നത്. ഞാനും ഏനും തമ്മിലുള്ള ഒരിക്കലും കൂട്ടിമുട്ടാൻ കഴിയാത്ത ഒരു വിടവുണ്ട്. ആ വിടവിനെ ഞാൻ എന്ന ഐഡന്റിറ്റി മൂടി വയ്ക്കുന്നു. ഞാൻ ഇതാണെന്ന് തീരുമാനിച്ചാൽ അത് മൂടിവയ്ക്കപ്പെടും. ഈ മൂടിവയ്ക്കൽ എങ്ങനെയാണ് നടക്കുന്നത്? ഒരു അദർ ആണ് അത് ചെയ്യുന്നത്. അപരത്തെ പ്രതിയാണ് മൂടിവയ്ക്കൽ നടക്കുന്നത്. ഐഡന്റിറ്റിയുടെ ഉള്ളിൽ എപ്പോഴും ഉൾപ്പൊരുത്തം ഉണ്ടാക്കിയെടുക്കാനുള്ള ശ്രമമുണ്ട്. അത് ഒരു അപരത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് സാധിക്കുന്നത്. പാകിസ്ഥാനെ ചൂണ്ടിക്കാണിച്ചുകൊണ്ടേ ഇന്ത്യയ്ക്ക് ഒരു ഉൾപ്പൊരുത്തമുണ്ടാക്കാൻ കഴിയൂ. ഐഡിന്റിറ്റി ഉറയ്ക്കണമെങ്കിൽ അപരനെ ചൂണ്ടിക്കാണിച്ചുകൊണ്ടേയിരിക്കണം. സ്വത്വത്തെ ഭദ്രമാക്കുന്ന ക്രിയയുടെ ഭാഗമാണ് അദർ. ദേശരാഷ്ട്രം എന്ന വ്യവസ്ഥയുടെയോ വ്യക്തിയുടെയോ ഭദ്രതയെ നോക്കിയാൽ അതിന് പൊരുത്തം നൽകുന്നത് അതൊഴിവാക്കുന്ന അപരമാണെന്ന് കാണാം.

നിങ്ങളുടെ ഭദ്രതയ്ക്ക് വേണ്ടി നിങ്ങൾ ഒഴിവാക്കുന്ന എന്താണോ അതാണ് അപരം. അതിന് നിങ്ങൾ ഒരു ഐഡന്റിറ്റി നൽകുകയാണ് ചെയ്യുന്നത്. അത് വലിയ അപകടത്തിലേക്കാണ് പിന്നീട് പോകുന്നത്. അതാണ് സ്വത്വരാഷ്ട്രീയത്തിന്റെ ഒരു പ്രതിസന്ധി. ഇടതുചിന്തയും സ്വത്വരാഷ്ട്രീയവും തമ്മിലുള്ള വലിയ ഭിന്നതയുടെ തലം അതാണ്. ജാതിവ്യവസ്ഥയെക്കുറിച്ചുള്ള അംബേദ്കറുടെ കാഴ്ചപ്പാട് അനുസരിച്ച് ജാതിവ്യവസ്ഥ നിലനിൽക്കണമെങ്കിൽ ഔട്ട്കാസ്റ്റ് ഉണ്ടാകണം. ഔട്ട്കാസ്റ്റ് എന്നത് വ്യവസ്ഥയിൽ നിന്നും ഒഴിവാക്കപ്പെടുന്ന അദർ ആണ്.

ഗാന്ധിയും അംബേദ്ക്കറും ജാതിവ്യവസ്ഥയെ സമീപിച്ചതിനെക്കുറിച്ച് സിസെക് ഒരു പഠനം നടത്തിയിരുന്നു. അത് പങ്കുവയ്ക്കുന്ന നിരീക്ഷണം ഇതാണ്. ജാതിവ്യവസ്ഥ മനുഷ്യന് ചേരുന്നതല്ല എന്നതിൽ രണ്ടുപേർക്കും തർക്കമില്ല. ഈ പ്രശ്നം എങ്ങനെയാണ് പരിഹരിക്കുക എന്നതിൽ ഗാന്ധി ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കുന്നു. 'ഓർഗാനിക് സൊല്യൂഷൻ' എന്നാണ് സിസെക് അതിനെക്കുറിച്ച് പറയുന്നത്. ഒഴിവാക്കപ്പെട്ട അപരത്തെ ഉള്ളിലേക്ക് കൊണ്ടുവന്ന് വ്യവസ്ഥയെ പ്യൂരിഫൈ ചെയ്യുക എന്നതായിരുന്നു ആ നിർദ്ദേശം. അതായത് ഔട്ട്കാസ്റ്റ് ഇല്ലാതാക്കുക. എന്നാൽ അംബേദ്കർ വയ്ക്കുന്നത് 'റാഡിക്കൽ സൊല്യൂഷൻ' ആണ്. അദ്ദേഹം പറഞ്ഞത് ഔട്ട്കാസ്റ്റ് ഉണ്ടെങ്കിൽ മാത്രമേ ജാതിവ്യവസ്ഥ നിലനിൽക്കൂ എന്നാണ്. ഔട്ട്കാസ്റ്റ് എന്നത് constitutive other ആണ്. വ്യവസ്ഥയെ constitute ചെയ്യുന്ന അദർ ആണത്. അതിനെ വ്യവസ്ഥയിലേക്ക് വിളക്കിച്ചേർത്ത് വ്യവസ്ഥയെ ശുദ്ധീകരിക്കുകയല്ല വേണ്ടത്. വ്യവസ്ഥയെത്തന്നെ തകർക്കുകയാണ് വേണ്ടത്



എന്നാണ് അംബേദ്കർ പറഞ്ഞത്. അതാണ് റാഡിക്കൽ സൊല്യൂഷൻ. വ്യവസ്ഥ തകരണമെങ്കിൽ അതിനെ തകർക്കുന്നതരത്തിൽ ഔട്ട്കാസ്റ്റിന് ഒരു പൊളിറ്റൽ ഏജൻസി കൊടുക്കുകയാണ് വേണ്ടത്. ദലിത് എന്ന വാക്ക് അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത് ആ അർത്ഥത്തിലാണ്. ജന്മംകൊണ്ട് കിട്ടുന്നതോ ജാതിപരമായതോ ആയ ഒരു വാക്കല്ല അത്. പൊളിറ്റിക്കൽ ഏജൻസി ഉണ്ടാക്കുന്നതിന്റെ ഭാഗമായാണ് അത് ഉപയോഗിക്കുന്നത്. എന്നാൽ വ്യവസ്ഥയുടെ അദർ ആയ ആളുകൾക്ക് സ്വത്വം സ്വതസിദ്ധമായി ഉള്ള ഒന്നാണെന്ന് കരുതുന്ന സമീപനം സ്വത്വരാഷ്ട്രീയത്തിന്റെ ചില ധാരകളെങ്കിലും പിന്തുടരുന്നുണ്ട്. ചരിത്രപരമായ ഒരു ഉള്ളടക്കം അതിന് കൊടുക്കാൻ ശ്രമിക്കുന്നു. വ്യവസ്ഥ നിലനിൽക്കുന്നതിന്റെ അടിസ്ഥാനപരമായ യുക്തി പുനരാനയിക്കപ്പെടുകയാണ് അപ്പോൾ സംഭവിക്കുന്നത്. ഫെറ്റിഷിസ്റ്റിക് ആയ യുക്തിയാണിത്. റാഡിക്കലായ വഴി എന്നത് അതിനെ പൊളിറ്റിക്കൽ കാറ്റഗറിയായി കാണുക എന്നതാണ്. മാർക്സ് പ്രോലിറ്റേറിയറ്റ് എന്ന വാക്ക് ഉപയോഗിച്ചതും ആ അർത്ഥത്തിലാണ്. പ്രോലിസ് എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് അത് വരുന്നത്. 'സന്തതികളല്ലാതെ ഒന്നും സ്വന്തമായി ഇല്ലാത്തവർ' എന്നാണ് അതിന്റെ അർത്ഥം. പ്രോലിറ്റേറിയറ്റ് എന്ന വാക്കിന് ചരിത്രപരമായ സ്വത്വമില്ല. ഒരു പൊളിറ്റിക്കൽ ഏജൻസിക്ക് നൽകുന്ന പേരായാണ് പ്രോലിറ്റേറിയറ്റ് എന്ന് പറഞ്ഞത്. തൊഴിലാളി വർഗ്ഗത്തെക്കൂടി ഉൾപ്പെടുത്തി വർഗ്ഗ വ്യവസ്ഥയെ പരിഷ്കരിക്കാനല്ല, വ്യവസ്ഥയെ തകർക്കാനാണ് മാർക്സ് പറയുന്നത്. അതിനുള്ള ഒരു ഏജൻസിയായി പ്രോലിറ്റേറിയറ്റിനെ സങ്കൽപ്പിക്കുന്നു. ഇതേപോലെ ദേശത്തിന്റെ കാര്യത്തിലും എടുക്കാം. ദേശം ഒരു ഭീഷണമായ വ്യവസ്ഥയായി മാറുമ്പോൾ അപരം എന്ന് പറയാവുന്നത് ഒരുപാട് ഉണ്ടാകുന്നു. അത്തരം അപരത്തിന് മേൽ സ്വത്വനിർമ്മിതി നടത്തുമ്പോൾ അത് വ്യവസ്ഥയെ നിലനിർത്തുന്ന ഫെറ്റിഷിസ്റ്റിക് ആയ യുക്തിയെ പുനരാനയിക്കലായി മാറും.

ഇടതുപക്ഷത്തിന്റെ ഒരു പ്രശ്നം അതിന്റെ ഉള്ളിലുള്ള ഫെറ്റിഷിസം ആണ്. 'കാറ്റഗറി ഫെറ്റിഷിസം' എന്ന് അതിനെ പറയാം. അത് ആ ചിന്തയെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്തത്ര ഭാരമുള്ള ഒന്നാക്കി മാറ്റുന്നു. മുന്നോട്ടുള്ള യാത്രയ്ക്ക് അത് തടസ്സമായി മാറുന്നു. അത് കൈയൊഴിയാതെ ഇടതുചിന്തയ്ക്ക് മുന്നോട്ടുള്ള യാത്ര സുഗമമാകില്ല. എന്താണ് കാറ്റഗറി ഫെറ്റിഷിസം? ചരിത്രത്തിന്റെ വലിയ ഭാരം താങ്ങി ആയാസപ്പെട്ട് നീങ്ങുന്നതാണത്. ഏത് മാർക്സിസ്റ്റ് പ്രസംഗിക്കുമ്പോഴും ഒരുപാട് ഉദ്ധരണികൾ പറയാറുണ്ട്. ബൃഹത്തായ ചരിത്രത്തെ ശരീരത്തിലേറ്റിക്കൊണ്ടാണ് അവർ സംസാരിക്കാറുള്ളത്. ഓരോ കാര്യവും മാർക്സിസത്തിന് നിരക്കുന്നതാണോ എന്ന് വീണ്ടും വീണ്ടും നോക്കി അതിന്റെ മൂവ്മെന്റിനെ തന്നെ തടസ്സപ്പെടുത്തുന്ന തരത്തിൽ ആ നോട്ടം മാറുന്നു. 'thinking marx without quotation marks' എന്നാണ് വേണ്ടത്. എങ്ങനെ ചിന്തയുടെ അനായാസകരമായ പ്രയാണം ഉദ്ധരണികളില്ലാതെ നടത്താം എന്നാണ് ആലോചിക്കേണ്ടത്. ഭാരമഴിച്ചുവച്ച് ചിന്തയെ പറക്കാൻ അനുവദിക്കുമ്പോൾ ഫെറ്റിഷിസം ഒഴിവാക്കുക എന്നത് പ്രധാനമാണ്. ഇടതുചിന്തയ്ക്ക് വർഗ്ഗ വിശകലനമല്ലാതെ വേറൊരു വഴിയില്ല എന്ന് പറയുമ്പോൾ വർഗ്ഗം എന്നതിനെ അവിടെ ഫെറ്റിഷിസ്റ്റിക് ആയാണ് കാണുന്നത്. വർഗ്ഗം എന്ന സംജ്ഞ അർത്ഥമില്ലാത്തതാണ് എന്നല്ല പറയുന്നത്. രൂപപ്പെടുന്ന മൂല്യത്തിനുപരിയായി സ്വാഭാവികമായ ഒരു മൂല്യം അതിന് ഉണ്ടെന്ന് കാണുന്നത് തെറ്റാണ്. ഇടതുചിന്ത ആലോചിക്കേണ്ട കാര്യമാണിത്. Class എന്നത് വിഭാഗം/കൂട്ടം എന്ന അർത്ഥത്തിലാണ് മാർക്സ് ഉപയോഗിക്കുന്നത്. ഉത്പാദന ബന്ധത്തിന്റെ contextൽ, ഉത്പാദനോപാധികൾ സ്വന്തമായുള്ള വിഭാഗവും ഒന്നും കൈയിലില്ലാതെ ആ

ഉത്പാദന പ്രക്രിയയിൽ പ്രവേശിക്കുന്ന മറ്റൊരു വിഭാഗവും എന്നാണ് മാർക്സ് കണ്ടത്. സ്വാഭാവികമായും ഈ രണ്ട് താത്പര്യങ്ങൾ തമ്മിലുള്ള സംഘർഷമുണ്ട്. ഈ സംഘർഷത്തെയാണ് വർഗ്ഗ സംഘർഷം എന്ന് മാർക്സ് വിളിക്കുന്നത്. ആ ഉത്പാദനരീതികളും മാറി, ഉത്പാദന ബന്ധങ്ങളും മാറി. പക്ഷെ ഒരു പ്രത്യേക contextൽ ഉറപ്പിക്കപ്പെട്ട അർത്ഥത്തിൽ നിന്നും നമ്മൾ മാറുന്നില്ല. മനുഷ്യചരിത്രം വർഗ്ഗസമരങ്ങളുടെ ചരിത്രമാണെന്ന വാദം തന്നെ തെറ്റാണ്. ഉത്പാദന ബന്ധങ്ങൾ ചരിത്രത്തിന്റെ ഒരു പ്രത്യേകഘട്ടത്തിൽ ഉണ്ടായതാണ്. ഉത്പാദനോപാധികൾ കൈയിലുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള സംഘർഷം എന്നേ അപ്പോൾ പറയാൻ കഴിയൂ. വർഗ്ഗത്തെ ഫെറ്റിഷിസ്റ്റിക് ആയി നോക്കുമ്പോൾ എല്ലാത്തിനെയും വർഗ്ഗത്തിലേക്ക് വെട്ടിച്ചുരുക്കുകയാണ് സംഭവിക്കുന്നത്. വർഗ്ഗമാണ് അടിസ്ഥാനം എന്നുറപ്പിച്ചാൽ അത് വർഗ്ഗ മൗലികവാദമാകും. കാറ്റഗറി ഫെറ്റിഷിസത്തിൽ നിന്നും രൂപപ്പെടുന്ന ഒന്നായാണ് അതിനെ കാണേണ്ടത്.

മാർക്സിന് പോലും വർക്കും ലേബറും തമ്മിലുള്ള വ്യത്യാസത്തെ കാണാൻ കഴിഞ്ഞിരുന്നില്ല എന്ന ഹന്ന ആരന്റിനെ പോലുള്ളവർ പറയുന്നുണ്ട്. ലേബറിന്റെ അടിസ്ഥാനത്തിലാണ് മാർക്സ് തൊഴിലുകളെ കണ്ടത്. ഭൗതികവസ്തുക്കൾ ഉത്പാദിപ്പിക്കുന്ന പ്രവർത്തനത്തെയാണ് മാർക്സ് ലേബർ എന്ന് വിളിച്ചത്. അപ്പോൾ വീട്ടുവേല ചെയ്യുന്നത് ലേബറല്ല. ഭൗതികവസ്തുക്കൾ ഉത്പാദിപ്പിക്കുന്നവരെ മാത്രം തൊഴിലാളികളായി നമ്മൾ ഇപ്പോഴും കരുതിയാൽ വലിയൊരു വിഭാഗം തൊഴിലാളികൾ അതിൽ നിന്നും പുറത്താകും. ഇടതുചിന്ത അതിന്റെ ചരിത്രത്തിൽ നിന്നും സ്വതന്ത്രമാകണം എന്ന് പറയുന്നത് അതുകൊണ്ടാണ്.

സാർവ്വദേശീയത അല്ലെങ്കിൽ അന്തർദേശീയത എന്ന ഇടതുചിന്തയുടെ ഭാവനാപരിസരത്ത് രൂപപ്പെട്ട ആശയമാണ് ഇന്ന് ഇടതുചിന്ത ഏറ്റെടുക്കേണ്ട പ്രധാനകാര്യം. സാർവ്വദേശീയത അല്ലെങ്കിൽ വർക്കേഴ്സ് ഇന്റർനാഷണൽ എന്നത് ഇടതുചിന്തയുടെ വഴികളിൽ എവിടെയോ ജനിക്കുകയും ജീവിക്കാൻ കഴിയാതെ പോവുകയും ചെയ്ത ഒന്നാണ്. 1864ൽ ആണ് ഇംഗ്ലണ്ടിൽ ആദ്യത്തെ വർക്കേഴ്സ് ഇന്റർനാഷണൽ നടക്കുന്നത്. മാർക്സ് ജീവിച്ചിരുന്ന കാലത്ത് നടന്ന ആ ഇന്റർനാഷണലിൽ അദ്ദേഹവും പങ്കെടുത്തിരുന്നു. മൂലധനത്തെ ആഗോളതലത്തിൽ എതിർത്തുനിൽക്കുന്നതിന് ഒരു വേദി എന്നതായിരുന്നു അന്നത്തെ ആലോചന. പണിയെടുക്കുന്ന മനുഷ്യർക്ക് ബാധകമല്ലാത്ത ദേശത്തിന്റെ അതിർത്തികൾക്ക് കുറുകെ മൂലധനത്തെ ചെറുക്കാൻ കഴിയുന്ന അന്തർദേശീയ വേദിയായിരുന്നു മാർക്സ് കൂടി മുൻകൈയെടുത്ത ഒന്നാം ഇന്റർനാഷണൽ ലക്ഷ്യമിട്ടത്. 1889ൽ നടന്ന രണ്ടാം ഇന്റർനാഷണലിന്റെയും ലക്ഷ്യം ഇതുതന്നെയായിരുന്നു. 1919ൽ മൂന്നാം ഇന്റർനാഷണൽ നടന്നെങ്കിലും അപ്പോഴേക്കും സോവിയറ്റ് യൂണിയൻ നിലവിൽ വരുകയും സോവിയറ്റ് റിപ്പബ്ലിക് ഉണ്ടാക്കാനുള്ള ശ്രമം തുടങ്ങിയതോടെ വർക്കേഴ്സ് ഇന്റർനാഷണൽ അവസാനിക്കുകയും ചെയ്തു. ഒരു നവ അന്തർദേശീയതയെക്കുറിച്ചുള്ള ഭാവന രൂപപ്പെടുത്തുക എന്നത് ദേശരാഷ്ട്രത്തെക്കുറിച്ചുള്ള ചർച്ചകളിൽ ഏറ്റവും പ്രധാനമാണ്. 'മാർക്സിന്റെ ഭൂതങ്ങൾ' എന്ന തന്റെ പ്രസിദ്ധമായ പ്രബന്ധത്തിൽ ന്യൂ ഇന്റർനാഷണൽ എന്ന ഒരു ആശയം ദെറിദ മുന്നോട്ടുവയ്ക്കുന്നുണ്ട്. അതിന് content കൊടുത്ത് വർക്കേഴ്സ് ഇന്റർനാഷണൽ പാർട്ടിയുണ്ടാക്കാനോ, ഭരണകൂടമുണ്ടാക്കാനോ ശ്രമിക്കരുത്. മാർക്സിന്റെ ഭൂതം ആവേശിച്ചിട്ടുള്ള ഏതൊരു പ്രവർത്തനവും ഒരു വ്യവസ്ഥയായി മാറാതെ പുതിയ അന്തർദേശീയ ഭാവനയെ രൂപപ്പെടുത്തിയെടുക്കാനുള്ള ശ്രമമായി മാറണം. ഇടതുചിന്തയുടെ മുന്നിൽ ഇപ്പോഴുള്ള സാദ്ധ്യത അതാണ്.■


## എരി

**ഡോ. പ്രദീപൻ പാമ്പരിക്കുന്ന്**
**അനുസ്മരണവും**
**ആദിവാസി – ദളിത് – ബഹുജൻ**
**സാംസ്കാരികോത്സവവും**

**ഡിസംബർ 23, 24, നളന്ദ, കോഴിക്കോട്**

ഡോ. പ്രദീപൻ പാമ്പരിക്കുന്ന്
അനുസ്മരണവും ദളിത് അന്വേഷണ
വൈജ്ഞാനികധാര കേരളീയ സമൂഹത്തെ
എങ്ങനെയാണ് പുനർനിർമ്മിക്കുന്നത്
എന്ന ചർച്ചയും.
സംഘാടനം: **ഭൂ അധികാര സംരക്ഷണ സമിതി**
ബന്ധങ്ങൾക്ക്: 9048159590



## ജാതിനശീകരണ പഠന ക്യാമ്പ്

**2017 ഡിസംബർ 2, 3**
**ശിക്ഷക് സദൻ,എറണാകുളം**

സ്ത്രീകൾ – ദലിതർ – ആദിവാസികൾ –
ന്യൂനപക്ഷങ്ങൾ തുടങ്ങിയവർക്ക് പ്രത്യേക
നിയോജക മണ്ഡലം; അംബേദ്കറുടെ
ജനാധിപത്യ ചിന്തകൾ; ഭൂമിയും വിഭവാധികാരവും
ജാതിഘടനയും; സ്ത്രീവിമോചനവും
ജാതിനശീകരണവും; തീരദേശ പഞ്ചായത്തുകൾ;
ആദിവാസി സ്വയംഭരണവും വനാവകാശവും
തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നു.
ബന്ധങ്ങൾക്ക്: 9746361106